## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5988 — 10.07.2012 ൽ മറുപടിയ്ക്ക്

### ഇന്ദിരാ ആവാസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ഇന്ദിരാ ആവാസ് യോജന ഉൾപ്പെട്ട പൊതുവിഭാഗ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച ഭവന നിർമ്മാണ സഹായം അനിശ്ചിതമായി താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം വർദ്ധിപ്പിച്ച നിരക്കിന് 15.09.2011 മുതൽ പ്രാബല്യം നൽകിയാണ് ഉത്തരവായത്. ഇതു മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുള്ള അധിക ബാധ്യത കണ്ടെത്താൻ കഴിയാതെ വന്നതിനാൽ ചില ബ്ലോക്കു പഞ്ചായത്തുകളിൽ വർദ്ധിപ്പിച്ച നിരക്ക് അനുവദിക്കാൻ താമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ധനസഹായം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും ഈ സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനുള്ള ഫണ്ട് കണ്ടെത്താൻ മിക്ക തദ്ദേശ സ്ഥാപനങ്ങൾക്കും സാദ്ധ്യമായിട്ടില്ല എന്നതിന് പരിഹാരമായി ഈ വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | ബി) അധിക സാമ്പത്തിക ബാധ്യതയുടെ ഒരു നിശ്ചിത വിഹിതം സർക്കാർ വഹിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| സി) വർദ്ധിപ്പിച്ച പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) വർദ്ധിപ്പിച്ച തുക ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ